DESPATCHED
On 1/2/22

10.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1366*(2)/2020*/***എസ്.ഐ.സി*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9761** /*എസ്.ഐ.സി-ജി 6/2020*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ആന്റണി പി.ഡി,
II A 5/51, NGO ക്വാർട്ടേഴ്സ്,
തൃക്കാക്കര (പി.ഒ),
എറണാകുളം – 682 021. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
   മ്യൂസിയം (പി.ഒ), തിരുവനന്തപുരം – 33

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ,
   പഞ്ചായത്ത് ഡയറക്ടറേറ്റ്,
   പബ്ലിക് ഓഫീസ് ബിൽഡിംഗ്,
   മ്യൂസിയം (പി.ഒ), തിരുവനന്തപുരം – 33

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03.09.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.09.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.09.2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ആന്റണി പി.ഡി 16/09/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 30/09/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1366(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 15.06.2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. EDP-4-04/2017 16.04.2020-10 നമ്പർ കത്തു പ്രകാരം ടിയാന്റെ ക്ലാർക്ക് പ്രമോഷനുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം DDP ഓഫീസിൽ നിന്നും ഒരു കത്ത് പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിരുന്നു. ടി കത്തിന്മേൽ ഏതെങ്കിലും വിധത്തി ലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും
2. നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ ഓഫീസ് കുറിപ്പ് ഉൾപ്പെടെ ലഭ്യമാക്കണമെന്നും
3. ടി വിഷയവുമായി ബന്ധപ്പെട്ട് മറ്റ് ഓഫീസുകളിലേക്ക് കത്തുകൾ നൽകിയിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നും
4. ടിയാന്റെ പ്രമോഷൻ മന:പൂർവ്വം വൈകിപ്പിച്ച ഉദ്യോഗസ്ഥന്റെ പേരും അഡ്രസ്സും ലഭ്യമാക്കണമെന്നും
5. ടിയാൾക്കെതിരെ ഏതെങ്കിലും വിധത്തിലുള്ള നടപടി സ്വീകരിച്ചി ട്ടുണ്ടോ എന്നും
6. നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കണ മെന്നും

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 14.07.2020–ന് അപ്പീൽ ഹരജിക്കാരന് മറുപടി നൽകിയിട്ടുണ്ട്.

4. 11/08/2020 തീയതിയിലെ ഹർജിക്കാരന്റെ അപ്പീലിന്മേൽ 03/09/2020–ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 28/10/2020 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ 15.06.2020 തീയതിയായി സമർപ്പിച്ച അപേക്ഷ 19.06.2020–ൽ ടി ആഫീസിൽ ലഭിച്ചിട്ടുള്ളതും, 14.07.2020–ൽ മറുപടി നൽകിയിട്ടുള്ളതുമാണെന്നും, രേഖകളുടെ പകർപ്പ് ഫീസ് 52/- രൂപ അടയ്ക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നുവെന്നും പകർപ്പ് ഫീസ് 52/- രൂപ അടച്ച് ചലാൻ 29.07.2020–ൽ ആഫീസിൽ ഹാജരാക്കിയിട്ടുള്ളത് പ്രകാരം 01.08.2020–ൽ തന്നെ പകർപ്പുകൾ അയച്ചു കൊടുത്തിട്ടുണ്ടെന്നും, തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ 18.08.2020–ന് ടി ആഫീസിൽ ലഭിച്ചുവെന്നും, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ലെന്നും, ആവശ്യപ്പെടാത്ത രേഖകളുടെ പകർപ്പാണ് ലഭ്യമാക്കിയിരിക്കുന്നതെന്നും, പകർപ്പ് ലഭ്യമാക്കുന്നതിന് അടവാക്കിയ തുക 52/- രൂപ തിരികെ നൽകണമെന്നും, ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കണമെന്നും കാണിച്ചാണ് നൽകിയിട്ടുള്ളത്.

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.04.2020–ലെ ഇ4-04/2017 നമ്പർ കത്തു പ്രകാരം ക്ലാർക്ക് പ്രമോഷനുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ പകർപ്പും, ടി വിഷയത്തിന്മേൽ മറ്റ് ആഫീസുകളിലേക്ക് അയച്ച കത്തിടുപാടുകളുടെ പകർപ്പുമാണ് ടിയാൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരുന്നതെന്നും, എറണാകുളം ഡി.ഡി.പി–യുടെ 16.04.2020–ലെ ഇ4-04/2017 കത്ത് അപ്പീൽ ഹർജിക്കാരന്റെ ക്ലാർക്ക് പ്രമോഷനുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയമാണെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് ടി ആഫീസിൽ PAN/10217/2019-E14(DP) നമ്പരായി ഫയലുള്ളതും, മേൽ കത്ത് ഈ ഫയലിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരികയുമാണെന്നും ടി ഫയലിന് നോട്ട് ഫയലും കറസ്പോണ്ടൻസ് ഫയലും ഉൾപ്പടെ 26 പേജുകളുണ്ടെന്നും, മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ പകർപ്പും, ടി വിഷയത്തിന്മേൽ മറ്റ് ആഫീസുകളിലേക്ക് അയച്ച കത്തിടപാടുകളും ടിയാൻ ആവശ്യപ്പെട്ടിട്ടുള്ളതി

നാലും, ടി വിഷയവുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ വിവരങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഫയലിന്റെ പകർപ്പ് നൽകിയിട്ടുള്ള തെന്നും ടിയാന് നൽകിയ പകർപ്പിൽ അന്നേ ദിവസം വരെ ടി ഫയലിൽ സ്വീക രിച്ച നടപടി വിവരങ്ങൾ ഉൾപ്പടെ ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നിന്നും ലഭിച്ച കത്ത് put up ചെയ്തിട്ടുള്ള നോട്ടും, ടിയാന്റെ ക്ലർക്ക് പ്രമോഷനുമായി ബന്ധപ്പെട്ട് ഡിഡിപി ആഫീസിലേയ്ക്കു മുൻപ് നൽകിയ കത്തിടപാടുകളും നോട്ട് ഫയലുകളും അടങ്ങുന്ന പകർപ്പാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ മുഴുവൻ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് 26 പേജുകൾ അടങ്ങിയ ഫയലിന്റെ മുഴുവൻ പകർപ്പുകളും നൽകിയിട്ടുള്ളതെന്ന് പരിഗണിച്ച് 03.09.2020-ന് അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകിയിട്ടുണ്ടെന്നുമാണ്.

ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്കും, അപ്പീൽ അപേക്ഷയ്ക്കും സമയബന്ധിതമായി തന്നെ മറുപടി നൽകിയിട്ടുള്ളതും, അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിഷയവുമായി ബന്ധപ്പെട്ട് ടി ആഫീസിൽ ലഭ്യമായ മുഴുവൻ വിവരങ്ങളും സുതാര്യമായി ലഭ്യമാക്കുക എന്ന സദുദ്ദേശ ത്തോടെയാണ് 26 പേജുള്ള ഫയലിന്റെ പകർപ്പ് ഫീസ് ഈടാക്കി നൽകിയിട്ടുള്ളത് എന്ന വിവരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, അപേക്ഷകൻ ആവശ്യപ്പെടാത്ത രേഖകൾക്കു പണം അടപ്പിച്ചെങ്കിൽ ആ തുക തിരികെ നൽകിയിട്ട് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം **2022 ജനുവരി 10-ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM